പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5422 — 6.7.2012 ൽ മറുപടിക്ക്

## മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)കേരളത്തിൽ എത്ര കമ്പനികളുടെ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്;<br>(ബി)ഇതിൽ കേരളത്തിന് പുറത്തുള്ള എത്ര കമ്പനികൾ ഉണ്ട്; | (എ) & (ബി)<br>വലുതും ചെറുതുമായ ഏകദേശം 5000 കമ്പനികളുടെ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. കേരളത്തിലെ വിപണിയിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകളിൽ 99% വും കേരളത്തിന് പുറത്ത് നിർമ്മിച്ച് ഇവിടെ വിപണനം ചെയ്യപ്പെടുന്നതാണ്. |
| (സി)ഒരു വർഷം കേരളത്തിൽ എത്ര മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്; ഇതിൽ എത്ര ശതമാനം ഉപയോഗയോഗ്യമല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്; | (സി) ഒരു വർഷം ഏകദേശം നാലായിരത്തോളം സാമ്പിളുകൾ ഗുണനിലവാര പരിശോധയ്ക്ക് വിധേയമാക്കുന്നുണ്ട്.2011 ലെ കണക്കനുസരിച്ച് 3932 ത്തോളം മരുന്നുകൾ ഗുണനിലവാര പരിശോധന നടത്തുകയും ഇതിൽ 5% മരുന്നുകൾ ഗുണനിലവാരം കുറഞ്ഞതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി)കേരളത്തിൽ വ്യാജ മരുന്നുകൾ ഇല്ല എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;<br>(ഇ)കേരളത്തിൽ വിപണനം ചെയ്യുന്ന മരുന്നുകൾ എല്ലാംതന്നെ ഗുണനിലവാരം ഉള്ളതാണെന്നും അവ ഗവൺമെന്റിന്റെ അറിവോടെയാണ് കേരളത്തിൽ വിപണനം ചെയ്യുന്നത് എന്നും ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ;<br>(എഫ്)എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി),(ഇ)&(എഫ്)<br>കേരളത്തിൽ വ്യാജ മരുന്നു നിർമ്മാണ വിതരണ ശൃംഖല ഒന്നും തന്നെ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ചില വ്യക്തികൾ വില കുറഞ്ഞ മരുന്നുകൾ വാങ്ങി അവയുടെ ലേബൽ മാറ്റി പ്രമുഖ കമ്പനികളുടെ ലേബൽ സ്വയം പ്രിന്റ് ചെയ്ത് ഒട്ടിച്ചു കൂടിയ വിലയ്ക്ക് വില്പന നടത്താൻ ശ്രമിച്ച ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയും ടി മരുന്നുകൾ കണ്ടുകെട്ടി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മരുന്നിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിലേക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ ഒരു അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ (ഇന്റലിജൻസ് ബ്രാഞ്ച്) മേധാവിയുടെ മേൽനോട്ടത്തിൽ ഒരു ഇന്റലിജൻസ് വിഭാഗം തന്നെ പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തിൽ സംസ്ഥാനതലത്തിലും ജില്ലാ തലങ്ങളിലും ഇന്റലിജൻസ് ബ്രാഞ്ച് ഡ്രഗ്സ് |

| | |
| --- | --- |
| | ഇൻസ്പെക്ടർമാർ സംശയാസ്പദമായ മരുന്നുകൾ, നിരോധിക്കപ്പെട്ട മരുന്നുകൾ, വ്യാജ മരുന്നുകൾ എന്നിവയുടെവിപണനം തടയുന്നതിനായി നടപടികൾ സ്വീകരിക്കാറുണ്ട്. ഇതു കൂടാതെ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ ഹിമാചൽപ്രദേശ്, ഫരീദാഫാദ്, ഗാസിയാബാദ് എന്നീ സ്ഥലങ്ങളിൽ അതാത് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ വ്യാജ മരുന്നുകൾ കണ്ടെത്തിയതായി അറിയിക്കുകയും ടി മരുന്നുകളുടെ വിശദാംശങ്ങൾ അയച്ചു തരുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇവ വിപണിയിൽ ലഭ്യമാണോ എന്ന് ഊർജ്ജിതമായ അന്വേഷണം നടത്തിയെങ്കിലും ഈ മരുന്നുകൾ സംസ്ഥാനത്ത് നാളിതുവരെ വിപണിയിൽ ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മറ്റ് സംസ്ഥാനങ്ങളിലെ ലബോറട്ടറികളിലുള്ള ഗുണനിലവാര പരിശോധനയിൽ Not of Standard Quality ആയിട്ടുള്ള മരുന്നുകളുടെ വിശദാംശങ്ങൾ (ടെസ്റ്റ് റിപ്പോർട്ട്) അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ, ഇവിടേക്ക് അയച്ചുതരുകയും പ്രസ്തുത മരുന്നുകൾ മാർക്കറ്റിൽ ലഭ്യമാണെങ്കിൽ ആയതിന്റെ വിതരണം ഡ്രഗ്സ് ഇൻസ്പെക്ടർമാർ തടയാറുമുണ്ട്. |

സെക്ഷൻ ഓഫീസർ